(ബി) പി.എസ്.സി. വഴിയുള്ള നിയമനത്തിന്റെ നടപടി ക്രമങ്ങൾ പൂർത്തിയാക്കി എന്ന നിഗമനം ശരിയല്ല. നിയമനങ്ങൾ പി.എസ്.സി.-ക്കു വിടാൻ ബോർഡ് തീരുമാനിച്ചിട്ടില്ല. 1999-ൽ നിലവിൽ വന്ന കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് സർവ്വീസ് റഗുലേഷൻസും കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് സബോർഡിനേറ്റ് സർവ്വീസ് റഗുലേഷൻസും പ്രകാരമുള്ള തസ്തികളിലേയ്ക്ക് ഉദ്യോഗാർത്ഥികളെ തെരഞ്ഞെടുക്കുന്നത് നേരിട്ടുള്ള നിയമനം വഴിയാണ്. 10-8-2005-ലെ ബോർഡ് മീറ്റിംഗ് തീരുമാനപ്രകാരം ബോർഡിലെ ഒഴിഞ്ഞുകിടക്കുന്ന തസ്തികകളിലേക്ക് കേരള സ്റ്റേറ്റ് പ്രൊഡക്റ്റിവിറ്റി കൗൺസിൽ മുഖേന തെരഞ്ഞെടുപ്പു നടത്താൻ തീരുമാനിച്ചു. തുടർ നടപടികൾ കൈക്കൊണ്ടു വരുന്നു.

(സി) ബോർഡിൽ അസിസ്റ്റന്റ് എഞ്ചിനീയർ, ജൂനിയർ സയന്റിഫിക് അസിസ്റ്റന്റ്, അസിസ്റ്റന്റ് ഗ്രേഡ്-II, കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്, ടൈപ്പിസ്റ്റ് ഗ്രേഡ്-II, പ്യൂൺ, വാച്ചർ, ഡ്രൈവർ എന്നീ തസ്തികകളിൽ ഒഴിവുകൾ നിലവിലുണ്ട്.

കേന്ദ്രാവിഷ്കൃത പദ്ധതികളുടെ നടത്തിപ്പ് പഞ്ചായത്ത് സമിതികളിൽ നിലനിർത്താൻ നടപടി

17(1491) ശ്രീ. എം. പ്രകാശൻ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഗ്രാമവികസനവകുപ്പു വഴി നടപ്പാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതികളുടെ നടത്തിപ്പിന് ഇപ്പോൾ ചുമതലപ്പെടുത്തിയിട്ടുള്ള ഏജൻസികൾ ഏതൊക്കെയാണ്;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കേന്ദ്രാവിഷ്കൃത പദ്ധതികളുടെ നടത്തിപ്പ് ചുമതല പഞ്ചായത്ത് ബ്ലോക്ക് സമിതികളുടെ കൈകകളിൽ നിന്ന് എടുത്തുമാറ്റി ഉദ്യോഗസ്ഥ സംവിധാനത്തിലേക്ക് കൊണ്ടുവന്നിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(സി) എങ്കിൽ സർക്കാർ ഇക്കാര്യത്തിൽ വരുത്തിയ മാറ്റങ്ങൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ ഗ്രാമവികസന വകുപ്പ് വഴി നടപ്പിലാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതികളിൽ പ്രധാനമന്ത്രിയുടെ ഗ്രാമസഡക്ക് യോജന ഒഴികെയുള്ള പദ്ധതികളുടെ നടത്തിപ്പ് ചുമതല ത്രിതല പഞ്ചായത്തുകൾക്കും പ്രധാന മന്ത്രിയുടെ ഗ്രാമസഡക്ക് യോജനയുടെ നടത്തിപ്പ് ചുമതല ജില്ലാ ഗ്രാമവികസന ഏജൻസികളിലെ പ്രോഗ്രാം ഇംപ്ലിമെന്റിംഗ് യൂണിറ്റുകൾക്കുമാണ് നൽകിയിട്ടുള്ളത്.

GPM.2/571/2015—9

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇല്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

കേന്ദ്രാവിഷ്കൃത പദ്ധതികൾ

18(1492) ശ്രീ. സ്റ്റീഫൻ ജോർജ്:

ശ്രീ. തോമസ് ഉണ്ണിയാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമ വികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏതെല്ലാം കേന്ദ്രാവിഷ്കൃത പദ്ധതികളാണ് സംസ്ഥാന ഗ്രാമവികസന വകുപ്പുവഴി നടപ്പാക്കിയതും ഇപ്പോൾ നിലവിലുള്ളതുമെന്ന് വ്യക്തമാക്കാമോ;

(ബി) ഏതെല്ലാം പദ്ധതികൾക്ക് എത്ര തുക വീതം കേന്ദ്ര വിഹിതം ലഭിച്ചു വെന്നും എത്ര തുക ഓരോ പദ്ധതിക്കും ചെലവഴിച്ചുവെന്നും വ്യക്തമാക്കാമോ;

(സി) ഈ കേന്ദ്രാവിഷ്കൃത പദ്ധതികൾ ഏതൊക്കെ ഏജൻസികൾവഴിയാണ് നടപ്പിലാക്കുന്നത് എന്ന് അറിയിക്കുമോ?

ഉത്തരം

(എ) 1. സ്വർണ്ണജയന്തി ഗ്രാമ സ്വറോസ്ഗാർ യോജന (എസ്.ജി.എസ്.വൈ)

2. സ്വർണ്ണജയന്തി ഗ്രാമ സ്വറോസ്ഗാർ യോജന സ്പെഷ്യൽ പ്രോജക്ട്

3. ഇന്ദിര ആവാസ് യോജന (ഐ.എ.വൈ)

4. സമ്പൂർണ്ണ ഗ്രാമീൺ റോസ്ഗാർ യോജന (എസ്.ജി.ആർ.വൈ)

5. ദേശീയ തൊഴിലിന് കൂലി ഭക്ഷണം പദ്ധതി (എൻ.എഫ്.എഫ്.ഡബ്ല്യു.പി)

6. പ്രധാനമന്ത്രിയുടെ ഗ്രാമസഡക് യോജന (പി.എം.ജി.എസ്.വൈ)

7. തരിശുഭൂമി വികസന പരിപാടി (ഐ.ഡബ്ല്യു.ഡി.പി)

8. ഹരിയാലി

9. സമ്പൂർണ്ണ ഗ്രാമീണ ശുചിത്വ പരിപാടി

10. ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി (എൻ.ആർ.ഇ.ജി.പി)

(ബി) നടപ്പു സാമ്പത്തിക വർഷം ഓരോ പദ്ധതിക്കും കേന്ദ്രവിഹിതമായി ലഭിച്ച തുകയും ഓരോ പദ്ധതിയ്ക്കും കേന്ദ്ര സംസ്ഥാന വിഹിതം മുൻവർഷ നീക്കിയിരിപ്പ് ഉൾപ്പെടെ ആകെ ചെലവഴിച്ച തുക സംബന്ധിച്ച വിവരങ്ങളും അനുബന്ധമായി കൊടുത്തിരിക്കുന്നു.†

† അനുബന്ധം - IV

LIBRARY ARCHIVES Kerala Legislative Assembly